

# ഇത് എന്തുകൊണ്ട്?

ലോകത്ത് ഭീതി പടർത്തുകയും അമ്പത് ലക്ഷത്തിൽപ്പരം മനുഷ്യജീവനുകളെ ഭൂമിയിൽ നിന്ന് തുടച്ചു നീക്കിക്കൊണ്ട് പടർന്നു പിടിക്കുകയും ചെയ്ത കൊറോണ എന്ന മഹാമാരിയെപ്പറ്റി അറിയാത്തവരും സംസാരിക്കാത്തവരും ഭയപ്പെടാത്തവരുമായി ആരും തന്നെ ഇല്ലെന്നു പറയാം. ആധുനിക ലോകത്തിൽ ശാസ്ത്രം എത്രയോ വളർന്നു കഴിഞ്ഞു. ഭൂമിയുടെ ഈ പരപ്പിൽ എവിടെ വേണമെങ്കിലും വാനഗോളങ്ങളിൽ വരെ എത്തിച്ചേരുവാനും താമസിക്കുവാനും മനുഷ്യന്റെ കണ്ടുപിടിത്തങ്ങൾ കൊണ്ട് കഴിഞ്ഞിട്ടുണ്ട്. ഓരോ രാജ്യങ്ങളും തങ്ങളുടെ ശാസ്ത്രപുരോഗതിയിലും സാമ്പത്തിക അഭിവൃദ്ധിയിലും ഊറ്റം കൊള്ളുന്നവരാണ്. എന്നിരുന്നാലും, കൊറോണ എന്ന ഒരു രോഗാണുവിന്റെ മുമ്പിൽ മാനവരാശി വിറങ്ങലിച്ചു പോയി എന്നുള്ളത് സത്യമാണ്. ഇതിനെതിരെ പ്രതിരോധ മരുന്നുകൾ പലതും കണ്ടുപിടിക്കുകയും മനുഷ്യനിൽ അത് പ്രയോഗിച്ചിട്ടും രോഗത്തെ പൂർണ്ണമായി തുടച്ചു നീക്കുവാൻ ശാസ്ത്രലോകത്തിന് ഇതുവരെയും കഴിഞ്ഞിട്ടില്ല. മനുഷ്യർ പലപ്പോഴും പല പകർച്ചവ്യാധികളുടെ മുന്നിലും വെള്ളപ്പൊക്കം, യുദ്ധം, ക്ഷാമം, സുനാമി തുടങ്ങിയ മഹാവിപത്തുകളുടെ മുന്നിലും നിസഹായനായി നോക്കി നിൽക്കന്നത് നമുക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. അപ്പോഴെല്ലാം മനുഷ്യർ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. ഇത് എന്തുകൊണ്ട് സംഭവിക്കുന്നു? ഇത് ലോകാവസാനത്തിന്റെ ലക്ഷണമാണോ എന്ന് സംശയിക്കുന്നവർ അനേകരാണ്. എന്നാൽ ഇതിന്റെ ഒന്നും ഉത്തരം ലഭിക്കുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. എന്നാൽ ഇതിനൊരു മറുപടി തരുവാൻ വിശുദ്ധ വേദപുസ്തകത്തിന് കഴിയുന്നുണ്ട്. എല്ലാ അനർത്ഥങ്ങളുടേയും ഉത്തരവാദിയായി ബൈബിൾ വിരൽ ചൂണ്ടുന്നത് മനുഷ്യരിലേക്കു തന്നെയാണ്.

**"ഭൂമി അതിലെ നിവാസികളാൽ മലിനമായിരിക്കുന്നു. അവർ പ്രമാണത്തെ ലംഘിച്ച് ചട്ടത്തെ മറിച്ച് നിത്യനിയമത്തിന് ഭംഗം വരുത്തിയിരിക്കുന്നു. അതുകൊണ്ട് ഭൂമി ശാപഗ്രസ്തമായി അതിൽ പാർക്കുന്നവർ ശിക്ഷ അനുഭവിക്കുന്നു." യെശയ്യാവ് 24:5"**

ഭൂമിയിൽ ജീവിക്കുന്ന കാലം നാം എപ്രകാരം ജീവിക്കണം എന്നും തങ്ങളുടെ ജീവിത വഴികൾ എങ്ങനെ ആയിരിക്കരുത് എന്നും സൃഷ്ടാവാം ദൈവം കല്പന തന്നിട്ടുണ്ട്. ഈ പ്രമാണങ്ങളെ ഉപേക്ഷിച്ച് തങ്ങൾക്ക് ബോധിച്ച പ്രകാരമുള്ള ജീവിത രീതികളെ തിരഞ്ഞെടുത്തതുകൊണ്ട് ഇപ്പോൾ വന്നതും ഇനി വരാൻ പോകുന്നതുമായ എല്ലാ അനർത്ഥങ്ങളുടേയും ദോഷഫലങ്ങൾ അനുഭവിച്ചെ മതിയാവുകയുള്ളു.

**"സ്ത്രീയോട് എന്നപോലെ പുരുഷനോട് കൂടെ ശയിക്കരുത്. അത് മ്ലേച്ഛതയാകുന്നു. (ലേവ്യപുസ്തകം 18:22)**

ഈ ദൈവിക വചനത്തെ അനുസരിച്ച് ജീവിക്കേണ്ടതിന് പകരം പുരുഷന് പുരുഷനെയും സ്ത്രീയ്ക്ക് സ്ത്രീയെയും വിവാഹം കഴിക്കാൻ അനുമതി നൽകിയ ലോകമാണ് ഇന്നുള്ളത്. പവിത്രമായ വിവാഹബന്ധങ്ങൾ മരണം വരെ കാത്തുസൂക്ഷിക്കേണ്ടതിന് പകരം തങ്ങൾക്ക് തോന്നിയപ്രകാരമുള്ള പാപ ജീവിതം നയിച്ചുകൊണ്ടിരിക്കുന്നു.

**അതുകൊണ്ട് ദൈവം അവരെ അപമാനരാഗങ്ങളിൽ ഏല്പിച്ചു അവരുടെ സ്ത്രീകൾ സ്വാഭാവികഭോഗത്തെ അസ്വഭാവികമാക്കിക്കളഞ്ഞും അപ്രകാരം പുരുഷന്മാരും സ്വാഭാവിക സ്ത്രീഭോഗം വിട്ട് അന്യോന്യം കാമം ജ്വലിച്ച് ആണോട് ആൺ അവലക്ഷണമായത് പ്രവൃത്തിച്ചു. ഇങ്ങനെ അവർ തങ്ങളുടെ സ്വഭാവ വൈകൃതത്തിന് യോഗ്യമായ പ്രതിഫലം തങ്ങളിൽതന്നെ പ്രാപിച്ചു (റോമർ 1:26).**

**"ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളത് എന്നും ദൈവം കണ്ടു. ഉല്പത്തി 6:5"**

സമ്പത്തിനും സുഖജീവിതത്തിനും വേണ്ടി എന്തെല്ലാം കുറ്റകൃത്യങ്ങളാണ് ചെയ്തുകൂട്ടുന്നത്. സ്വന്തം മാതാപിതാക്കളെപ്പോലും തങ്ങളുടെ നേട്ടത്തിനു വേണ്ടി കൊലപ്പെടുത്തുന്നതും സുഖജീവിതത്തിന് തടസ്സമാണെന്ന് തോന്നിയാൽ മക്കളെ മൃഗീയമായി കൊന്നുകളയുവാൻ പോലും മടി കാണിക്കാത്ത മാതാപിതാക്കളും ഇന്ന് പെരുകി വരുന്നു.

ആഡംബര ജീവിതത്തിനു വേണ്ടി ബാങ്ക് കവർച്ച, ഭവനഭേദനം, പിടിച്ചുപറി, തട്ടിക്കൊണ്ടുപോകൽ തുടങ്ങി സകല വിധ നിഷ്ഠൂര പ്രവൃത്തികളും ആൺപെൺ വ്യത്യാസമില്ലാതെ പുതുതലമുറയിൽ വർദ്ധിച്ചു വരുന്നു.

ഇവിടെ ബൈബിൾ വചനങ്ങൾ എത്ര പ്രസക്തമാണ്.

**"ദേശത്ത് സത്യവും ഇല്ല ദയയും ഇല്ല. ദൈവ പരിജ്ഞാനവുമില്ല. മനുഷ്യൻ ആണയിടുന്നു. ഭോഷ്ക് പറയുന്നു. കൊല ചെയ്യുന്നു. മോഷ്ടിക്കുന്നു. വ്യഭിചാരം ചെയ്യുന്നു. ഭവനഭേദനം നടത്തുന്നു. രക്തപാതകത്തോട് രക്തപാതകം കൂട്ടുന്നു. അതുകൊണ്ട് ദേശം ദുഃഖിക്കുന്നു. അതിലെ സകല നിവാസികളും വയലിലെ മൃഗങ്ങളും ആകാശത്തിലെ പറവകളും സമുദ്രത്തിലെ മത്സ്യങ്ങളും ഇല്ലാതെയാകുന്നു. ഹോശയ 4:2 – 3**

മനുഷ്യർക്ക് ദൈവത്തെ ഒട്ടും തന്നെ ഭയമില്ല എന്നുള്ളത് സത്യമാണ്. ഭൂമിയിൽ ന്യായം വിധിക്കുന്ന ഒരു ദൈവം ഉണ്ട് എന്ന് ജനം അറിയേണ്ടത് ആവശ്യമായി വന്നിരിക്കുന്നു. വലിയ അനർത്ഥങ്ങൾ ഭൂമിയിൽ സംഭവിക്കുമ്പോൾ മനുഷ്യർ ദൈവത്തെ അന്വേഷിക്കുന്നതും അവനോട് നിലവിളിക്കുന്നതും കാണാം. കേരളത്തിൽ 2018 മുതൽ ഉണ്ടായ വെള്ളപ്പൊക്ക സമയത്ത് ജനങ്ങൾ ദൈവത്തെ വിളിച്ച് കരയുന്നത് നാം കണ്ടവരാണ്. ഇപ്പോൾ കൊറോണ എന്ന മഹാമാരിയിൽ ദൈവത്തോട് കരയുമ്പോഴും മാനസാന്തരമില്ല എന്നുള്ളത് നിസംശയം പറയാം. ഇതിന്റെയെല്ലാം നടുവിലും മനുഷ്യരുടെ ദോഷ പ്രവൃത്തികൾ വർദ്ധിച്ചു വരുന്നുതേയുള്ളു. അതുകൊണ്ട് ദൈവം ഇപ്രകാരം പറയുന്നു.

**"ഞാൻ ഭൂതലത്തെ ദോഷം നിമിത്തവും ദുഷ്ടന്മാരെ അവരുടെ അകൃത്യം നിമിത്തവും സന്ദർശിക്കും. അഹങ്കാരികളുടെ ഗർവ്വത്തെ ഞാൻ ഇല്ലാതാക്കും. ഉഗ്രന്മാരുടെ നിഗളത്തെ താഴ്ത്തുകയും ചെയ്യും". (യെശയ്യാവ് 13:11)**

മനുഷ്യജീവിതം ഭൂമിയിൽ ക്ഷണികം. അത് ഒരു ശ്വാസം മാത്രം. ഏറിയാൽ എഴുപത് അല്ലെങ്കിൽ എൺപത് എന്നെല്ലാം മനുഷ്യായുസ്സിനെപ്പറ്റി പറഞ്ഞിരിക്കുന്നു. നമ്മൾ എത്ര ആരോഗ്യവാനാണെന്ന് തോന്നിയാലും എത്ര സമ്പത്തുള്ള വ്യക്തിയായിരുന്നാലും പലപ്പോവും നിസാരമെന്നു ചിന്തിക്കുന്ന ഒരു രോഗാണുവിന്റെ മുമ്പിൽ പിടിച്ചു നിൽക്കുവാൻ കഴിയാതെ പരാജയപ്പെട്ടു പോയി എന്നു വന്നേക്കാം. എന്നാൽ മരണം ഏതു വിധേനയും ആകട്ടെ നാമെല്ലാവരും ഇവിടെ നിന്ന് മാറ്റപ്പെട്ടേ മതിയാവുകയുള്ളു. മനുഷ്യാ നീ മണ്ണാകുന്നു. നീ മണ്ണിലേക്ക് മടങ്ങിച്ചേരും. ആത്മാവ് അതിനെ നൽകിയ ദൈവത്തിന്റെ അടുക്കലേക്ക് തിരികെ പോകും. എന്നാൽ മനുഷ്യ വർഗ്ഗത്തിന് ബൈബിൾ തരുന്ന പ്രത്യാശ എന്നുള്ളത് മരണാനന്തരം ഒരു നിത്യത ഉണ്ട് എന്നതാണ്. അത് മാനവരാശിക്ക് ലഭിക്കുന്നത് യേശുക്രിസ്തുവിനാലും അവന്റെ സുവിശേഷത്തിലുമുള്ള വിശ്വാസത്താലുമാണ്.

**"സകല ഭൂവാസികളുമേ, എന്നിലേക്ക് തിരിഞ്ഞ് രക്ഷിക്കപ്പെടുവിൻ. ഞാനല്ലാതെ വേറൊരു ദൈവം ഇല്ലല്ലോ." (യെശയ്യാവ് 45:22)**

**"ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹന്നാൻ 11:25)**

**"യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചുപോകയില്ല എന്ന് എഴുതിയിരിക്കുന്നു." (റോമർ 10:11)**

**"ഏക സത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നത് തന്നെ നിത്യജീവനാകുന്നു." (യോഹ17:3)**

മരണാനന്തര നിത്യതയ്ക്കായി മനുഷ്യൻ ഒന്നും തന്നെ ചിലവിടേണ്ടതില്ല എന്നും ജീവിച്ചിരിക്കുന്ന നാളിൽ യേശു ക്രിസ്തുവിലും താൻ പറഞ്ഞ സുവിശേഷത്തിലും വിശ്വസിച്ച് അനുസരിച്ച് ജീവിച്ചാൽ മതിയാകും എന്ന് ദൈവവചനം നമുക്ക് ഉറപ്പ് തരുന്നു. യേശുക്രിസ്തു മരിച്ച് അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റിരിക്കയാൽ അവിടുത്തെ കല്പനകളെ അനു

സരിക്കുന്നവർക്ക് പുനരുത്ഥാനം ഉറപ്പാണ്.

**"കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടി സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയർത്തെഴുന്നേൽക്കുകയും ചെയ്യും."** (2 തെസ്സ. 4:16 – 18)

ഈ ലോകത്തിൽ മനുഷ്യൻ ചെയ്തു കൂട്ടുന്ന അക്രമത്തിനും അനീതിക്കും ദൈവപ്രമാണങ്ങളെ ലംഘിച്ച് ചെയ്യുന്ന എല്ലാ പാപങ്ങൾക്കും സകല മ്ലേച്ഛതകൾക്കും ഒരു ന്യായവിധി ഉണ്ട് എന്ന് സത്യവേദപുസ്തകം ഉറപ്പിച്ചു പറയുന്നു.

**"അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിന് തക്കവണ്ണം പ്രാപിക്കേണ്ടതിന് നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ നിൽക്കേണ്ടി വരും"** (2 കൊരി. 5:10)

മനുഷ്യൻ തങ്ങളുടെ പാപജീവിതം വിട്ട് ദൈവത്തിലേക്ക് തിരിയണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

**"അറിവില്ലായ്മയുടെ കാലങ്ങളെ ദൈവം ഗണ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്ന് മനുഷ്യരോട് കല്പിക്കുന്നു"** (അപ്പോസ്തൊല പ്രവൃത്തി 17:30)

യേശുക്രിസ്തുവിന്റെ സുവിശേഷത്തെ അനുസരിച്ച് ജീവിക്കുന്നവർക്ക് മരണാനന്തരം നിത്യജീവൻ ഉറപ്പുപറയുമ്പോൾ തന്നെ സുവിശേഷത്തെയും യേശു ക്രിസ്തുവിനേയും അനുസരിക്കാത്തവർക്ക് നിത്യശിക്ഷയും ഉണ്ടാകുമെന്ന് ദൈവത്തിന്റെ വചനം നമ്മെ ഓർമ്മപ്പെടുത്തുന്നു.

**"ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കും"** (2 തെസ്സ 1:7)

**എന്നാൽ സുവിശേഷത്തെ അനുസരിച്ച് ജീവിക്കുന്നവർക്ക് ദൈവം നൽകുന്ന ഉറപ്പ് ഇപ്പോൾ ക്രിസ്തു യേശുവിൽ ഉള്ളവർക്ക് ഒരു ശിക്ഷാവിധിയുമില്ല എന്നുള്ളതാണ്. (റോമർ 8:1)**

പ്രിയ സ്നേഹിതാ, താങ്കൾ ഈ സുവിശേഷത്തെ അനുസരിച്ച് ക്രിസ്തുവിൽ വിശ്വസിച്ച് ജീവിക്കുവാൻ ആഗ്രഹിക്കുന്നുവോ. എന്നാൽ ദൈവം താങ്കളെ സഹായിക്കും. താങ്കളുടെ സംശയങ്ങൾക്ക് ഈ നമ്പറിൽ ബന്ധപ്പെടുക.

കൂടുതൽ വിവരങ്ങൾക്ക്:
**മലങ്കര ക്രിസ്ത്യൻ ചർച്ച്**
രാമമംഗലം - കോട്ടപ്പുറം
**Ph: 9142070113, 9947551741**